VIII. LEGISLATIVE BUSINESS

The Kerala Industrial Employees Payment of Gratuity Bill

തൊഴിൽമന്ത്രി (ശ്രീ. മത്തായി മഞ്ഞൂരാൻ) : ഇന്നലെ ഇവിടെ അവതരിപ്പിച്ച കേരള ഇൻഡസ്ട്രിയൽ എംപ്ലോയീസ് പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ബില്ലിന്റെ സെലക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട എം. മൊയ്തീൻകുട്ടിഹാജിയുടെ പേരാണ് കൊടുത്തിട്ടുള്ളത്. അതിനുപകരം ബഹുമാനപ്പെട്ട വി. പി. സി. തങ്ങളെ മെമ്പറാക്കണമെന്നുള്ള അഭ്യർത്ഥനയുണ്ട്. അതു സഭയുടെ അംഗീകാരത്തിനു വേണ്ടി സമർപ്പിക്കുകയാണ്.

Mr. Speaker : I think that can be approved.

The change was approved by the House.

Mr. Speaker : Now I call upon the Minister for Education to move the Kerala Education (Amendment and Validation) Bill, 1969.

(i) The Kerala Education (Amendment and Validation) Bill, 1969.

Shri C. H. Mohammed Koya : Sir, I move that the Kerala Education (Amendment and Validation) Bill, 1969, as reported by the Select Committee, be taken into consideration.

Works Minister (**Shri T. K. Divakaran**) : Sir, I second it.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) : സർ, ഈ ബില്ലിനെ സംബന്ധിച്ചുള്ള സെലക്ട് കമ്മിറ്റി റിപ്പോർട്ട് ബഹുമാനപ്പെട്ട മെമ്പറന്മാർ വായിച്ചിട്ടുണ്ടാകും. വേണ്ടത്ര സമയം ഇക്കാര്യത്തിൽ അവർക്ക് ലഭിച്ചിട്ടില്ലെന്നുള്ളതു് ഒരു വസ്തുതയാണ്. പക്ഷേ ചില പ്രത്യേക പരിതഃസ്ഥിതിയിൽ അങ്ങനെ സംഭവിച്ചുപോയതാണ്. ഇതു് ഇന്നതന്നെ എടുക്കാനും പാസ്സാക്കിത്തരാനും ബഹുമാനപ്പെട്ട മെമ്പറന്മാർ സമ്മതിച്ചതനുസരിച്ചതിൽ എനിക്ക് പ്രത്യേകമായ കൃതജ്ഞതയുണ്ട്. ബില്ല് അവതരിപ്പിച്ച അവസരത്തിൽതന്നെ ഇതിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഞാൻ പറഞ്ഞതാണ്. അദ്ധ്യാപകരുടെ പേരിൽ നടപടികൾ എടുക്കേണ്ടുന്ന സന്ദർഭങ്ങളുണ്ടായാൽ അതനുസരിച്ച് നടപടി എടുക്കാൻ ഗവണ്മെന്റ് മുതിരുന്നതു് ആവശ്യമാണെന്നും അങ്ങനെ ചെയ്യുന്നതു മുമ്പു് മാനേജരോടു് ഈ നടപടി നടത്താൻവേണ്ടി ആവശ്യപ്പെടേണ്ടതാണെന്നും അവർക്ക് അതിനു ന്യായമായ സമയം കൊടുക്കേണ്ടതാണെന്നുമുള്ള അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്. ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. എന്നാൽ സെലക്ട് കമ്മിറ്റിയിൽ ഇത്തരം വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ അഭിപ്രായങ്ങളെയെല്ലാം ഏകോപിപ്പിച്ച് ഡ്രാഫ്റ്റിനെ സംബന്ധിച്ചിടത്തോളം ഒരു അഭിപ്രായത്തിൽ എത്തിച്ചേരുകയാണ് ചെയ്തതു്. എല്ലാവർക്കും യോജിക്കത്തക്ക വിധത്തിലും അതേസമയത്തിൽ എല്ലാവർക്കും പരിപൂർണ്ണമായ തൃപ്തി ഇല്ലാത്ത വിധത്തിലുമാണ് ഡ്രാഫ്റ്റ് ഉണ്ടാക്കിയതെന്നുള്ളതും ഒരു വസ്തുതയാണ്. ഈ നിലയിൽ ഇനി പറയത്തക്ക അഭിപ്രായവ്യത്യാസങ്ങളൊന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ ബില്ല് പാസ്സാക്കിത്തരണം. ഇതു പാസ്സാക്കാനുള്ള അടിയന്തിരാവശ്യത്തെ സംബന്ധിച്ചും, കാരണങ്ങളെ സംബന്ധിച്ചും നേരത്തെ

LIBRARY ARCHIVES Kerala Legislative Assembly